**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **05-02-2026 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയതായി നിയമനം ലഭിച്ച അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി നൽകിവരുന്ന പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | (എ) അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി തൊഴിൽ പരിശീലനം, തൊഴിൽ പരിശീലനം പൂർത്തീകരിച്ച് രണ്ട് വർഷം കഴിയുമ്പോൾ റിഫ്രഷർ പരിശീലനം എന്നിവ സംസ്ഥാന ഫണ്ടുപയോഗിച്ച് നൽകി വരുന്നു.<br><br>അങ്കണവാടി വർക്കർമാർക്ക് 32 ദിവസത്തെ ജോബ് ട്രെയിനിംഗുകൾ, അങ്കണവാടി ഹെൽപ്പർമാർക്ക് 8 ദിവസത്തെ ഓറിയന്റേഷൻ ട്രെയിനിംഗ് എന്നിവയും നടത്തി വരുന്നു.<br><br>2023 വർഷം മുതൽ പോഷൺ ഭി പഠായി ഭി എന്ന പരിശീലന പരിപാടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ടി പരിശീലന പരിപാടിയ്ക്ക് 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിലാണ് തുക വിനിയോഗിക്കുന്നത്. പ്രസ്തുത പരിശീലന പരിപാടിയിലൂടെ അങ്കണവാടി പോഷകാഹാര വിതരണം, പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ശൈശവപൂർവ്വകാല പരിചരണത്തെക്കുറിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചുമുള്ള അടിസ്ഥാന വിവരങ്ങൾ, അങ്കണവാടി കേന്ദ്രങ്ങളിൽ പാലിക്കേണ്ട പ്രവർത്തനരീതികൾ എന്നിവയെക്കുറിച്ച് അങ്കണവാടി പ്രവർത്തകർക്ക് കൂടുതൽ അറിവ് ലഭിക്കുന്നുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിൽ ഏത് വർഷം വരെ നിയമനം ലഭിച്ച വർക്കർമാരും ഹെൽപ്പർമാരുമാണ് ഇതുവരെ അവരുടെ പരിശീലനം പൂർത്തിയാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | (ബി) കണ്ണൂർ ജില്ലയിൽ 2025 വരെ നിയമനം ലഭിച്ചവർ നിലവിൽ നല്കിവരുന്ന പരിശീലന പരിപാടിയിൽ ഭാഗികമായി ഉൾപ്പെട്ടിട്ടുണ്ട്. വർക്കർമാർക്ക് 35 പേരുടെ നാല് ബാച്ച് ജോബ് പരിശീലന പരിപാടിയും ഹെൽപ്പർമാർക്ക് 50 പേർ വീതമുള്ള മൂന്ന് ബാച്ച് ഓറിയന്റേഷൻ പരിശീലന പരിപാടിയുമാണ് നിലവിൽ നടന്നു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇതുവരെ പരിശീലനം ലഭിക്കാത്ത വർക്കർമാർക്കും ഹെൽപ്പർമാർക്കും സമയബന്ധിതമായി പരിശീലനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (സി) | (സി) ഓരോ സാമ്പത്തിക വർഷവും അങ്കണവാടി വർക്കർ/ഹെൽപ്പർ പരിശീലനം നടത്തുന്നതിന് സർക്കാരിൽ നിന്നും അനുമതി നൽകുകയും, പരിശീലനം ലഭ്യമാകാത്തവരുടെ ലിസ്റ്റ് ഡയറക്ടറേറ്റ് തലത്തിൽ ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ നിന്നും ശേഖരിച്ച് പരിശീലനം നൽകുകയും ചെയ്യുന്നു . |

സെക്ഷൻ ഓഫീസർ